"<u>ഭരണഭാഷ-മാതൃഭാഷ</u>"

നമ്പർ: എ 502/2020

ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്
കോഴിക്കോട് . 673017
ഇ-മെയിൽ: kirtads@gmail.com
ഫോൺ: 0495-2356805
ഫാക്സ്: 0495-2357329
തീയതി : 24 .03. 2022

## <u>ലേല/ടെൻഡർ പരസ്യം</u>

കോഴിക്കോട് കിർടാഡ്സ് ഡയറക്ടറുടെ അധീനതയിലുള്ളതും കിർടാഡ്സ് ആഫീസ് കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതുമായ താഴെ പറയുന്ന വാഹനം ഏതു നിലയിലാണോ അതേ നിലയിൽ 2022 ഏപ്രിൽ 21-ാം തീയതി വ്യാഴാഴ്ച പകൽ 11 മണിക്ക് മേൽ പറഞ്ഞ ആഫീസിൽ വച്ച് പരസ്യമായി ലേലം/ടെൻഡർ വഴി വിൽപ്പന നടത്തുന്നതാണ്.

*<u>വാഹനത്തിന്റെ വിവരങ്ങൾ</u>*

*വാഹനം: Hindustan Motors Ambassador Car, Grand-05*

***രജിസ്റ്റർ നമ്പർ: കെ.എൽ 11 X - 6726***

***മോഡൽ 2006***

ലേലത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ കൃത്യസമയത്ത് ഹാജരാകേണ്ടതും ലേലം നടത്തുന്നതിന് ഒരു മണിക്കൂർ മുൻപായി 2000/- രൂപ നിരതദ്രവ്യം ലേല സ്ഥലത്ത് അടച്ച് രസീത് വാങ്ങേണ്ടതുമാണ്.

മേൽ പറഞ്ഞ വാഹനം വിൽക്കുന്നതിലേക്കായി സീൽവച്ച ടെൻഡറുകളും സ്വീകരിക്കുന്നതാണ്. ടെൻഡറുകൾ നൽകാൻ ആഗ്രഹിക്കുന്നവർ ടെൻഡർ എഴുതി ഡയറക്ടർ, കിർടാഡ്സ്, ചേവായൂർ പി.ഒ, കോഴിക്കോട് 17 എന്ന അഡ്രസ്സിൽ മുദ്രണം ചെയ്ത് അയക്കേണ്ടതാണ്. പുരിപ്പിച്ച ടെൻഡറുകൾ 19/04/2022 വൈകുന്നേരം 4 മണിക്ക് മുമ്പായി ലഭിച്ചിരിക്കേണ്ടതാണ്. ടെൻഡർ അയക്കുന്നതിനോടൊപ്പം മേൽപ്പറഞ്ഞ നിരക്കിലുള്ള നിരതദ്രവ്യം അംഗീകൃത ബാങ്കിൽ നിന്നും Director KIRTADS എന്ന പേരിലുള്ള ഡി.ഡി യും സമർപ്പിക്കേണ്ടതാണ്. ഡി.ഡി ഇല്ലാത്ത ടെൻഡറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ടെൻഡർ ഫോറത്തിന്റെ വില 300 + VAT ആണ്. ടേൻഡർഫോറം 2022 ഏപ്രിൽ 01 മുതൽ 18 വരെ കിർടാഡ്സ് ഓഫീസിൽ നിന്നും വാങ്ങാവുന്നതാണ്. ടെൻഡറുകൾ അയക്കുന്ന കവറിനു മുകളിൽ ഇടതുവശത്തായി "*<u>കെ.എൽ. 11X 6726 വാഹനം വാങ്ങുന്നതിനുള്ള ടെൻഡർ</u>*" എന്ന്

എഴുതിയിരിക്കണം. ഇപ്രകാരം ലഭിക്കുന്ന ടെൻഡറുകൾ 21/04/22 തിയതി പരസ്യ ലേലത്തിനോടൊപ്പം തദവസരത്തിൽ സന്നിഹിതരായിട്ടുള്ള ടെൻഡറുകാരുടേയോ അവരുടെ നിയമാനുസൃത പ്രതിനിധികളുടേയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ലേലത്തിലോ ടെൻഡറിലോ ഏതിലാണോ, കൂടുതൽ തുക കാണിക്കുന്നത് അവർക്ക് ലേലം താത്കാലികമായി ഉറപ്പിക്കുന്നതും ടിയാൻ ഉടൻതന്നെ ലേലം/ടെൻഡർ തുകയുടെ പകുതി സംഖ്യ 18% GST ഉൾപ്പെടെ ലേലസ്ഥലത്തുവച്ചുതന്നെ അടക്കേണ്ടതും ബാക്കി സംഖ്യ ലേലം സ്ഥിരപ്പെടുത്തി ഉത്തരവുകിട്ടി 10 ദിവസത്തിനുള്ളിൽ അടച്ചതിനുശേഷം വാഹനം സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതുമാണ്.

മേൽ പ്രസ്താവിച്ച നിബന്ധനകൾക്ക് വിപരീതമായി ലേലം/ടെൻഡർ കൊണ്ടയാൾ പ്രവർത്തിക്കുകയാണെങ്കിൽ ലേലം/ടെൻഡർ ചെയ്ത വാഹനം പുനർലേലം ചെയ്യുന്നതു മൂലം സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് മുൻ ലേലം/ടെൻഡർ കൊണ്ടയാളിൽ നിന്നും ഈടാക്കുന്നതും ടിയാൻ അടച്ച നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതുമാണ്. അഥവാ പുനർലേലത്തിൽ ലാഭമുണ്ടാവുകയാണെങ്കിൽ ടിയാന് ആയതിൽ ഒരുവിധത്തിലുള്ള അവകാശവും ഉന്നയിക്കുവാൻ അർഹത ഉണ്ടായിരിക്കില്ല. ലേലം കഴിഞ്ഞാലുടൻ ലേലം/ടെൻഡർ നഷ്ടപ്പെട്ടവർക്ക് നിരതദ്രവ്യം തിരികെ നൽകുന്നതാണ്.

ലേല/ടെൻഡറിൽ പങ്കെടുക്കുന്നവർ മേൽ പ്രസ്താവിച്ച എല്ലാ നിബന്ധനകളും പാലിക്കേണ്ടതാണ്. ലേല/ടെൻഡർ സംബന്ധമായ മറ്റുള്ള എല്ലാ സർക്കാർ വ്യവസ്ഥകളും ഇതിനും ബാധകമായിരിക്കും. മേൽപറഞ്ഞ വാഹനം എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 11 മണി മുതൽ വൈകുന്നേരം 4 മണിവരെ കോഴിക്കോട് കിർടാഡ്സ് ആഫീസിൽ വന്ന് കാണാവുന്നതാണ്.

യാതൊരു കാരണവും കൂടാതെ ലേലം/ടെൻഡർ നിർത്തിവക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള പൂർണ്ണ അധികാരം കിർടാഡ്സ് ഡയറക്ടർക്ക് ഉണ്ടായിരിക്കുന്നതാണ്.

ബഹു. കേരള ഗവർണ്ണർക്കുവേണ്ടി

ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
2. നോട്ടീസ് ബോർഡ്
3. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
4. ആഫീസ് പകർപ്പ്
5. കരുതൽ ഫയൽ

*എസ്.എൻ 24/03/22*